**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 390** **16-09-2025 - ൽ മറുപടിയ്ക്ക്**

**ഹോട്ടലുകളുടെ പ്രവർത്തനങ്ങൾ സൗഹാർദ്ദപരമാക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് സ്വീകരിച്ച് പ്രവർത്തിക്കുന്ന ഹോട്ടലുകളുടെ പ്രവർത്തനങ്ങൾ സൗഹാർദ്ദപരമാക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | **സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് സ്വീകരിച്ച് പ്രവർത്തിക്കുന്ന ഹോട്ടലുകളുടെ പ്രവർത്തനം ഭക്ഷ്യസുരക്ഷാ വകുപ്പ് കൃത്യമായി പരിശോധിക്കുന്നുണ്ട്.**<br><br>ഹോട്ടലുകളുടെ പ്രവർത്തനങ്ങൾ സൗഹാർദ്ദപരമാക്കുന്നതിനായി തദ്ദേശ വകുപ്പ് തലത്തിൽ കർമ്മ പദ്ധതികളൊന്നും നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടില്ല. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | **ഉണ്ട്.** സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാരുടേയും പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാരുടേയും പ്രവർത്തന അവലോകനം വകുപ്പ് മേധാവി വിലയിരുത്തുന്നതാണ്. കൂടാതെ സർക്കിളുകളിൽ ഹെൽത്ത് സൂപ്പർവൈസർമാരും ഹെൽത്ത് ഓഫീസറും നേരിട്ട് പ്രവർത്തനം അവലോകനം നടത്താറുണ്ട്. ജില്ലാതലത്തിൽ ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നിവർ പ്രതിവാര അവലോകന യോഗങ്ങൾ നടത്തി വിലയിരുത്താറുണ്ട്. |
| (സി) | ഹോട്ടലുകൾ പരിശോധിക്കുന്ന അവസരങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർമാർ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്; വിശദമാക്കുമോ; | (സി) | **പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ അതാത് ദിവസങ്ങളിൽ തന്നെ ഹെൽത്ത് ഓഫീസർ, സെക്രട്ടറി എന്നിവർ പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു. ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ്, ഇന്റേണൽ വിജിലൻസ് ഓഫീസർ തലത്തിൽ വിജിലൻസ് സ്ക്വാഡ് പരിശോധന നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. ചട്ട പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കുന്നതിനായി മൂവ്മെന്റ് രജിസ്റ്റർ, പരിശോധന ഫോട്ടോസ്, ഹോട്ടലുകാർക്ക് ന്യൂനതകൾ** |

| | | | |
|---|---|---|---|
| | | | **പരിഹരിക്കുവാൻ നൽകുന്ന നോട്ടീസ്, സ്ക്വാഡ് രജിസ്റ്റർ സംവിധാനങ്ങൾ നിലവിലുള്ളതും ആയത് മേൽ ഉദ്യോഗസ്ഥർ പരിശോധിക്കുന്നതുമാണ്. സാനിറ്റേഷൻ സർട്ടിഫിക്കറ്റ്, ഹെൽത്ത് കാർഡ്, ജൈവ-അജൈവ മാലിന്യ സംസ്കരണം, പ്ലാസ്റ്റിക് നിരോധിത ഉൽപ്പന്നങ്ങൾ എന്നിവ സംബന്ധിച്ച് പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്ക് പിഴ ഈടാക്കുകയും ചെയ്യുന്നു. മേൽ പ്രവർത്തനങ്ങൾ തദ്ദേശ ഭരണസമിതി വിലയിരുത്താറുണ്ട്.** |
| (ഡി) | ഹോട്ടലുകൾ പി. സി. ബി. രജിസ്ട്രേഷന് സമീപിക്കുമ്പോൾ നാളിതുവരെ പ്രസ്തുത ലൈസൻസ് എടുക്കാത്ത ഹോട്ടലുകൾക്ക് അഞ്ചര വർഷത്തെ ഫീസ് ഉൾപ്പെടെ അടയ്ക്കുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന് പരിഗണിച്ച് ചട്ടത്തിൽ ഇളവ് വരുത്താൻ തയാറാകുമോ ; വിശദമാക്കുമോ ? | (ഡി) | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 21/11/2018 തീയതിയായ പി.സി.ബി/ എച്ച്ഒ/സർക്കുലർ-01/03/2017 നമ്പർ സർക്കുലർ പ്രകാരം സ്ഥാപനാനുമതി നേടാതെ പ്രവർത്തനാനുമതിയ്ക്കായി സമർപ്പിക്കുന്ന അപേക്ഷകളിൽ പ്രവർത്തനാനുമതിയ്ക്കുള്ള ഫീസ് കൂടാതെ സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ച അന്നു മുതലുള്ള ഫീസും അര വർഷത്തെ ഫീസ് പിഴയായും സ്ഥാപനാനുമതിയുടെ ഫീസായി ഈടാക്കുന്നതാണ്. ഈ സ്ഥാപനാനുമതി ഫീസ് പരമാവധി 5 1/2 വർഷത്തെ ഫീസായി നിജപ്പെടുത്തിയിട്ടുണ്ട്.<br><br>ഇതിനു പുറമെ 08.07.2024 തീയതിയായ KSPCB/1245/2024/SEE-1 നമ്പർ സർക്കുലർ പ്രകാരം, 31/12/2024 തീയതിയ്ക്ക് മുൻപായി അനുമതി അപേക്ഷ സമർപ്പിച്ചിരുന്ന 31/06/2025 തീയതിയ്ക്ക് മുൻപ് സ്ഥാപിതമായ, അനുമതി ഇതുവരെ കരസ്ഥമാക്കിയിട്ടില്ലാത്ത ഹോട്ടലുകൾ/ റെസ്റ്റോറന്റുകൾ എന്നിവയ്ക്ക് ആവശ്യമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന പക്ഷം 5 ½ വർഷത്തെ ഫീസ് മാത്രം ഒടുക്കി അനുമതി കരസ്ഥമാക്കാവുന്നതാണ് എന്ന ഇളവ് അനുവദിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ